**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **3590** — **17/10/2011** ൽ മറുപടിയ്ക്ക്

**പാരമ്പര്യ ചികിത്സാ രീതികൾ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.സി.കെ.നാണു | | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ആയുർവ്വേദം, ഹോമിയോ, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സാരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പകർച്ചവ്യാധികൾ വ്യാപകമാകുമ്പോൾ ഇത്തരം ചികിത്സ നൽകുന്ന ആശുപത്രികൾ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ? | (ബി) സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഉത്തരം (എ)

ആയുർവേദം, ഹോമിയോ, യൂനാനി സിദ്ധ തുടങ്ങിയ ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് താഴെ പറയുംപ്രകാരം 490 ഗ്രാമപഞ്ചായത്ത് ഡിസ്പെൻസറികളിൽ മെഡിക്കലോഫീസർമാരെ നിയമിച്ചിട്ടുണ്ട്.

| നം | വിഭാഗം | ഭാരതസർക്കാർ അംഗീകരിച്ചത് | നിലവിൽ സേവനം അനുഷ്ടിക്കുന്നവർ |
|---|---|---|---|
| 1. | ആയുർവേദം | 187 | 186 |
| 2. | ഹോമിയോ | 276 | 293 |
| 3. | യൂനാനി | 18 | 11 |
| 4. | സിദ്ധ | 19 | 0 |
| 5. | ആകെ | 500 | 490 |

ഇതിലുപരി ആയുഷ് സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 14.87 കോടി തിരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ താഴെ കാണുന്ന പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു.

ഹോമിയോപ്പതി ചികിത്സാ പദ്ധതി പ്രോൽസാഹിപ്പിക്കുന്നതിനായി ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ:

1) ഹോമിയോപ്പതി ചികിത്സാ പദ്ധതി പ്രോൽസാഹിപ്പിക്കുന്നതിനായി ഗ്രാമീണ മേഖലയിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കൽ.
2) സമൂഹത്തിൽ പീഡിപ്പിക്കപ്പെടുകയും, പാർശ്വവൽക്കരിക്കപ്പെടുകയും, ഒറ്റപ്പെടുകയും ചെയ്യുന്ന സ്ത്രീകളുടെ മാനസിക – ശാരീരിക പ്രശ്നപരിഹാരത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി ഹോമിയോപ്പതി ചികിത്സയും കൗൺസിലിങ്ങും സമന്വയിപ്പിച്ചുകൊണ്ട് സീതാലയം എന്ന പേരിലുള്ള വനിതാ ആരോഗ്യ പരിപാലന പദ്ധതി (ഹോമിയോപ്പതി).
3) നിലവിലുള്ള ഹോമിയോ ഡിസ്പെൻസറികളിലെ ക്ലിനിക്കൽ സൗകര്യങ്ങൾ, ഗ്ലൂക്കോ മീറ്റർ, എക്സ്റേ വ്യൂവർ, ബി.പി.അപ്പാരറ്റസ്, ഹോമിയോപ്പതിക് മെഡിക്കൽ സോഫ്റ്റ് വെയർ, കമ്പ്യൂട്ടർ എന്നിവ നൽകി മെച്ചപ്പെടുത്തുക.
4) തീർത്ഥാടന/ഉത്സവ കാലങ്ങളിൽ ശബരിമല, കുരിശുമല, മലപ്പുറം (ഹജ്ജ്, ക്യാമ്പ്), ഗുരുവായൂർ (ഏകാദശി), ആലുവ (ശിവരാത്രി) എന്നിവിടങ്ങളിൽ ജാതി മതഭേദമെന്യേ തീർത്ഥാടക ഭക്തജനങ്ങൾക്കായി താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ തുറന്ന് പ്രവർത്തിക്കുക, ഇതിനു പുറമേ സ്കൂൾ കലാലയ യുവജനോത്സവത്തോടനുബന്ധിച്ചും, താല്ക്കാലിക ഡിസ്പെൻസ

റികൾ ആരംഭിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ സെമിനാറുകൾ, റേഡിയോ, ടി.വി. മുതലായ മാദ്ധ്യമങ്ങളിലൂടെ ഹോമിയോ ചികിത്സയിലൂടെയുള്ള ബോധവൽക്കരണ പ്രഭാഷണങ്ങളും ക്ലാസുകളും, ആരോഗ്യ ചർച്ചകളും, സെമിനാറുകളും സംഘടിപ്പിക്കൽ.

5) ആലപ്പുഴയിലെ ഹോമിയോ ഔഷധ നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (ഹോംകോ) ഹോമിയോ ഔഷധ നിർമ്മാണ യൂണിറ്റ് വിപുലീകരിക്കുന്നു. (ഇതിനായി ഈ വർഷം 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്).

ആയുർവേദ ചികിത്സയുടെ പ്രചരണം വിദ്യാഭ്യാസത്തിലൂടെ ശക്തമാക്കുന്നതിനായി പുതിയ പി.ജി.കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ആയുർവേദത്തിന്റെയും അതിന്റെ ചികിത്സാ പ്രചാരണത്തിനായി രാജ്യാന്തരതലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ ആയുർവേദ ചികിത്സ പൊതുജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകളും, ബോധവത്കരണ ക്ലാസ്സുകളും നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ